# അദ്ധ്യായം 1
# ഭരണഘടന : എന്ത് കൊണ്ട്? എങ്ങനെ?

ഒരു രാജ്യം അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടന ഭരിക്കപ്പെടുന്നതിനായുള്ള ഒരു കൂട്ടം അടിസ്ഥാന തത്ത്വങ്ങളെയും പ്രഖ്യാപിത കീഴ്‌വഴക്കങ്ങളെയും ചേർത്ത് പറയുന്ന പേരാണ് അതിന്റെ **ഭരണഘടന.**

## ഭരണഘടനയുടെ ആവശ്യകത

### 1. ഭരണഘടന ഏകോപനവും ഉറപ്പും നൽകുന്നു.

ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ഏകോപനവും ഉറപ്പും അനുവദിക്കുന്ന ഒരു കൂട്ടം അടിസ്ഥാന നിയമങ്ങൾ നൽകുക എന്നതാണ് ഭരണഘടനയുടെ ആദ്യ പ്രവർത്തനം. നാനാത്വത്തിന്റെ പ്രശ്നത്തെ മറികടന്ന് സമാധാനപരമായി ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കാൻ ഭരണഘടന സഹായിക്കുന്നു. ഭരണഘടന എല്ലാ അംഗങ്ങൾക്കും ഒരേ നിയമങ്ങൾ നടപ്പിലാക്കുമെന്നും ആ നിയമങ്ങൾ അനുസരിക്കുവാൻ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഉത്തരവാദിത്വമുണ്ടെന്നും ഭരണഘടന ഉറപ്പു നൽകുന്നു.

### 2. തീരുമാനമെടുക്കുന്നതിനുള്ള അധികാരം വ്യക്തമാക്കൽ

ഒരു രാജ്യത്തിൽ തീരുമാനമെടുക്കാൻ ആർക്കാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കുക എന്നതാണ് ഭരണഘടനയുടെ രണ്ടാമത്തെ പ്രവർത്തനം. ഒരു ഭരണഘടന അടിസ്ഥാനപരമായ ഒരു നിയമപുസ്തകമായ ഭരണഘടന അനുസരിച്ചാണ് രാഷ്ട്രം രൂപീകരിക്കപ്പെടുന്നതും ഭരിക്കപ്പെടുന്നതും . ഭരണഘടന അനുസരിച്ചാണ് സർക്കാർ എങ്ങനെ രൂപീകരിക്കണമെന്ന് തീരുമാനിക്കുന്നത് .സർക്കാരിന്റെ വിവിധ വിഭാഗങ്ങളുടെ അധികാരങ്ങൾ ഭരണഘടനയിൽ വ്യക്തമായി നിർവചിക്കപെടാറുണ്ട് .

### 3. ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിർണയിക്കൽ

ഭരണഘടനയുടെ മൂന്നാമത്തെ പ്രവർത്തനം, സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിക്കുക എന്നതാണ്. വ്യക്തിയുടെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുവാനുള്ള സർക്കാറിന്റെ താല്പര്യങ്ങളെ ഭരണഘടന നിയന്ത്രിക്കുന്നു.

E PLUS KERALA YOUTUBE CHANNEL

### 4. ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാക്ഷങ്ങളും

ഭരണഘടനയുടെ നാലാമത്തെ പ്രവർത്തനം ഒരു സമൂഹത്തിന്റെ അഭിലാഷങ്ങൾ നിറവേറ്റാനും നീതിപൂർവകമായ സമൂഹത്തിന് സാഹചര്യങ്ങൾ സൃഷ്ടിക്കാനും സർക്കാരിനെ പ്രാപ്തമാക്കുക എന്നതാണ്. ആധുനിക ഭരണഘടനകളിൽ അസമത്വത്തിനെ മറികടക്കുന്നതിനും സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി നിരവധി ക്രിയാത്മക നടപടികൾ ഉൾപ്പെടുത്താറുണ്ട്.

### 5. ജനതയുടെ മൗലീക വ്യക്തിത്വം

ഭരണഘടന ഒരു ജനതയുടെ അടിസ്ഥാന വ്യക്തിത്വം വ്യക്തമാക്കുന്നു . പ്രാദേശികവും ഭാഷാപരവും സാമുദായികവുമായ താല്പര്യങ്ങളെ മാറ്റിനിർത്തുന്നതിനും ദേശീയ വ്യക്തിത്വം സൃഷ്ടിക്കുന്നതിനും ഭരണഘടന സഹായകരമാണ്. പൗരന്മാർക്കിടയിൽ രാഷ്ട്രീയവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തുവാനും ഭരണഘടന സഹായിക്കുന്നു.

## ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണം

1946 ലെ ക്യാബിനറ്റ് മിഷൻ ഭരണഘടനാ നിർമ്മാണത്തിനുള്ള അനുവാദം നൽകി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗസംഖ്യ 389 ആയിരുന്നു. 296 അംഗങ്ങൾ ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ടവരും 93 അംഗങ്ങൾ നാട്ടുരാജാക്കന്മാർ നാമനിർദ്ദേശം ചെയ്തു വരുമായിരുന്നു. ഓരോ പ്രദേശത്തെയും ജനസംഖ്യക്ക് ആനുപാതികം ആയിട്ടാണ് അംഗങ്ങളെ അനുവദിച്ചു നൽകിയത്. 10 ലക്ഷം പേർക്ക് ഒരാൾ എന്ന അനുപാതത്തിലാണ് സീറ്റുകൾ നിശ്ചയിച്ചത് ഓരോ പ്രവിശ്യയിലും സീറ്റുകൾ മുസ്ലീമുകൾ, പൊതുവിഭാഗം, സിക്കുകാർ എന്നിങ്ങനെ വിഭജിച്ചു നൽകി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾ ഇന്ത്യയിലെ വ്യത്യസ്ത ജനവിഭാഗങ്ങളെ പ്രതിനിധീകരിച്ചു അംഗങ്ങളിൽ 26 പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരായിരുന്നു.

ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ **ഡോക്ടർ രാജേന്ദ്ര പ്രസാദ്** ആയിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ പിതാവ് എന്നറിയപ്പെടുന്നത് **ഡോക്ടർ B R അംബേദ്കർ** ആണ്. ഭരണഘടനയുടെ മുഖ്യശില്പി എന്നും അറിയപ്പെടുന്ന അംബേദ്കർ ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ ആയിരുന്നു. ബ്രിട്ടീഷ് ഇന്ത്യ വിഭജിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് ഭരണഘടനാ നിർമ്മാണ സഭയുടെ അംഗസംഖ്യ 299 ആയി കുറഞ്ഞു. 1946 ഡിസംബർ ഒമ്പതാം തീയതി ആണ് ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യത്തെ സമ്മേളനം ചേർന്നത്. 1949 നവംബർ 26 ആം തീയതി ഭരണഘടനാ നിർമ്മാണം പൂർത്തിയായി. എന്നാൽ

E PLUS KERALA YOUTUBE CHANNEL

പൂർണ സ്വരാജ് ദിനമായി ആചരിച്ചിരുന്ന ജനുവരി 26 ആം തീയതിയാണ് ഭരണഘടന നിലവിൽ വന്നത്. 1950 ജനുവരി 26 ആം തീയതി ഇന്ത്യ ഒരു റിപ്പബ്ലിക് ആയി മാറി.

## ഒരു ഭരണഘടനയുടെ ആധികാരികത

**(ഇന്ത്യൻ ഭരണഘടനയുടെ ആധികാരികത)**

ഭരണഘടനയുടെ ആധികാരികത നിർണ്ണയിക്കുന്നതിൽ മൂന്ന് ഘടകങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

### 1. നിർമാണ രീതി

ഒരു ഭരണഘടനയുടെ ആധികാരികത നിർണ്ണയിക്കുന്നതിൽ ഭരണഘടനകളുടെ നിർമ്മാതാക്കൾ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ജനപ്രതിനിധികൾ തയ്യാറാക്കിയ ഭരണഘടനകൾ കൂടുതൽ സ്വീകാര്യമാണ്. ഇന്ത്യ, ദക്ഷിണാഫ്രിക്ക, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ ഭരണഘടനകൾ ഇതിന് ഉദാഹരണങ്ങളാണ്. ജനങ്ങളുടെ പ്രതിനിധികൾ എഴുതിയ ഭരണഘടനകൾ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയാണെന്ന ധാരണ ജനങ്ങളിൽ എളുപ്പത്തിൽ സൃഷ്ടിക്കപ്പെടുന്നു. ചില രാജ്യങ്ങളിൽ, ഭരണഘടനയുടെ സാധുത പരിശോധിക്കുന്നതിനായി ജനഹിത പരിശോധന (റഫറണ്ടം) നടത്താറുണ്ട്.

*ജനങ്ങളുടെ പ്രതിനിധികൾ എഴുതിയതിനാൽ ഇന്ത്യൻ ഭരണഘടന ആധികാരികമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഭരണഘടനാ അസംബ്ലിയിൽ ശ്രദ്ധാപൂർവ്വം നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനങ്ങൾ എടുത്തന്നതെന്നും ഇന്ത്യൻ ഭരണഘടനയുടെ ആധികാരികതയെ ശക്തിപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടനാ അസംബ്ലിയിലെ മിക്ക അംഗങ്ങളും പരോക്ഷമായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഭരണഘടനാ സഭയിൽ വിവിധ സമുദായങ്ങൾക്ക് ഉചിതമായ പ്രാധാന്യം നൽകിയിരുന്നു.*

### 2. ഭരണഘടനയിലെ വ്യവസ്ഥകൾ

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യമായ വ്യവസ്ഥകൾ അടങ്ങുന്ന ഭരണഘടനകൾ ആണ് കൂടുതൽ അംഗീകരിക്കപ്പെടുന്നത്. സമൂഹത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കും അനുകൂലമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നത് ആകണം ഭരണഘടന. ഏതെങ്കിലും പ്രത്യേക വിഭാഗത്തിൻറെ മാത്രം അവകാശങ്ങൾ സംരക്ഷിക്കുന്ന ഭരണഘടനകൾ മറ്റു വിഭാഗത്തിൽ പെട്ട ജനങ്ങൾക്ക് സ്വീകാര്യം ആയിരിക്കില്ല.

E PLUS KERALA YOUTUBE CHANNEL

*സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും തൃപ്തരാക്കുന്ന വ്യവസ്ഥകൾ അടങ്ങിയതാണ് ഇന്ത്യൻ ഭരണഘടന . പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേകമായ അവകാശങ്ങൾ നൽകുന്നത് ഇന്ത്യൻ ഭരണഘടനയെ കൂടുതൽ ആധികാരികം ആക്കുന്നു.*

## 3. സ്ഥാപനപരമായ രൂപരേഖയിലുള്ള സന്തുലിതസ്ഥിതി

അധികാരങ്ങൾ വിവിധ വിഭാഗങ്ങൾക്കായി കൃത്യമായി വിഭജിച്ച് നൽകിയിരിക്കുന്നവയാണ് മികച്ച ഭരണഘടനകൾ. ഇത്തരം ഭരണഘടനകൾക്ക് സ്വേച്ഛാധിപത്യ പ്രവണതകളെ കൃത്യമായി തടയുവാൻ സാധിക്കുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യങ്ങൾ കൃത്യമായി പ്രതിഫലിപ്പിക്കുന്നവയാണ് യഥാർത്ഥ ഭരണഘടനകൾ. കാലാനുസൃതമായ ഭരണഘടനാഭേദഗതിക്കുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഒരു ഉത്തമ ഭരണഘടനയുടെ ലക്ഷണമാണ്.

*ഇന്ത്യൻ ഭരണഘടനയിൽ നിയമ നിർമാണ സഭയ്ക്കും കാര്യ നിർവഹണ വിഭാഗത്തിനും നീതിന്യായ വ്യവസ്ഥയ്ക്കും കൃത്യമായി അധികാരങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ അധികാര വിഭജനം ഇന്ത്യൻ ഭരണഘടനയെ കൂടുതൽ ആധികാരികം ആക്കുന്നു.*

E PLUS KERALA YOUTUBE CHANNEL

## നെഹ്റുവിന്റെ ലക്ഷ്യ പ്രമേയം

1946 ഡിസംബർ 13 ന് ജവഹർലാൽ നെഹ്റു ഭരണഘടനാ നിർമാണ സഭയിൽ ലക്ഷ്യ പ്രമേയം അവതരിപ്പിച്ചു. ഭരണഘടനാ അസംബ്ലി അംഗീകരിച്ച ഈ പ്രമേയം ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയുടെ അടിസ്ഥാനമായി മാറുകയും ഭരണഘടന നിർമാണ പ്രക്രിയയെ നയിക്കുകയും ചെയ്തു . ലക്ഷ്യപ്രമേയത്തിൽ മുന്നോട്ടു വെച്ച പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

- ഇന്ത്യ ഒരു സ്വതന്ത്ര, പരമാധികാര റിപ്പബ്ലിക്കാണ്.
- ഇന്ത്യ സംസ്ഥാനങ്ങൾ അടങ്ങിയ ഒരു യൂണിയനായിരിക്കും.
- സ്വതന്ത്ര ഇന്ത്യയുടെ എല്ലാ അധികാരവും ജനങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നതാണ് .
- ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതി ഉറപ്പ് നൽകും.
- ന്യൂനപക്ഷങ്ങൾ, പിന്നാക്കക്കാർ, ഗോത്രവർഗക്കാർ, മറ്റ് നിരാലംബരായവർ എന്നിവർക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തും.

- പരിഷ്കൃത രാഷ്ട്രങ്ങളുടെ നീതിക്കും നിയമത്തിനും അനുസൃതമായി പ്രദേശത്തിന്റെ സമഗ്രത നിലനിർത്തും.
- ലോകസമാധാനം പ്രോത്സാഹിപ്പിക്കുന്നതിന് രാജ്യം പൂർണവും സന്നദ്ധവുമായ സംഭാവന നൽകും.

## ഇന്ത്യൻ ഭരണഘടന കടമെടുത്ത പ്രധാന വ്യവസ്ഥകൾ

| |
|---|
| **ബ്രിട്ടീഷ് ഭരണഘടന**<br>പാർലമെൻററി വ്യവസ്ഥ , FPTP സംവിധാനം , നിയമവാഴ്ച , സ്പീക്കർ എന്ന സ്ഥാനവും അധികാരങ്ങളും , നിയമ നിർമാണ സംവിധാനം |
| **അമേരിക്കൻ ഭരണഘടന** മൗലീക അവകാശങ്ങൾ , നീതിന്യായ പുനഃപരിശോധന നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം |
| **ഐറിഷ് ഭരണഘടന -** നിർദ്ദേശ തത്വങ്ങൾ |
| **ഫ്രഞ്ച് ഭരണഘടന**<br>സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾ |
| **കനേഡിയൻ ഭരണഘടന**<br>അർദ്ധ ഫെഡറൽ സംവിധാനം , അവശിഷ്ടാധികാരം |

E PLUS KERALA YOUTUBE CHANNEL

PREPARED BY
MATHEW JOSEPH
GHSS KOZHICHAL

VISIT THE YOUTUBE CHANNEL e PLUS KERALA FOR CLASS VIDEOS

